"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണികൾക്കായി അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ PSTSB അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിന് ലൈഫ് മിഷന് പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.243/2026/LSGD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.1798/2024/തസ്വഭവ തീയതി 27/09/2024
2. സ.ഉ(സാധാ) നം.1239/2025/തസ്വഭവ തീയതി 20/05/2025
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/12/2025 ലെ എൽ.എം/ഇഡബ്ല്യു/എ/ഐഡികെ/ബിഎഫ്.കെ/1/2017 നമ്പർ കത്ത്.

**ഉത്തരവ്**

ഭവനം ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയ അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണികൾക്കായി 1,05,39,817 രൂപ, 4515-00-102-49 (പ്ലാൻ) (റൂറൽ ഹൗസിംഗ്) ശീർഷകത്തിൽ നിന്നും അടിമാലി ഗ്രാമ പഞ്ചായത്തിന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തിലും ഗ്രാമീണമേഖലയിലെ ഭവന സുമച്ചയങ്ങൾ/ ഫ്ളാറ്റ്/ഭവന ക്ലസ്റ്ററുകൾ എന്നിവയ്ക്കായി 7000 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നതാണെങ്കിലും അറ്റകുറ്റപ്പണികൾക്ക് തുക പ്രത്യേകം വകയിരുത്താതിരുന്നതിനാൽ ഇപ്രകാരം **2024-25-ൽ** അറ്റകുറ്റപ്പണികൾക്ക് പ്രത്യേക അനുമതി നൽകി.

2) 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത തുക ചെലവഴിക്കാൻ സാധിക്കാത്തതിനാലും, 2025-26 ൽ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയ തുക വിനിയോഗിക്കുന്നതിന് ലൈഫ് മിഷന് ഭരണാനുമതി നൽകിയ പരാമർശം 2 ഉത്തരവിൽ അറ്റകുറ്റപണികൾക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിനാലും, അടിമാലി ഭവന

സമുച്ചയത്തിന്റെ അറ്റകുറ്റപണി ഇനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ 21,27,065 രൂപയുടെ പാർട്ട് ബിൽ തുക നടപ്പ് സാമ്പത്തിക വർഷം 4515-00-102-49 (പ്ലാൻ) (റൂറൽ ഹൗസിംഗ്) ശീർഷകത്തിൽ നിന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (No. 799013000000461) അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനുമതി തേടിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭവനം ഫൗണ്ടേഷൻ നിർമ്മാണം പൂർത്തീകരിച്ച് ലൈഫ് മിഷൻ വിലയ്ക്ക് വാങ്ങിയ അടിമാലി ഭവന സമുച്ചയത്തിന്റെ അറ്റകുറ്റപണികൾ നടത്തിയ വകയിൽ അടിമാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ 21,27,065 രൂപയുടെ (ഇരുപത്തിഒന്ന് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അറുപത്തിയഞ്ച് രൂപ മാത്രം) പാർട്ട് ബിൽ തുക, നടപ്പ് സാമ്പത്തിക വർഷം 4515-00-102-49 (പ്ലാൻ) ശീർഷകത്തിൽ നിന്ന് അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ PSTSB അക്കൗണ്ടിലേക്ക് (No. 799013000000461) അനുവദിക്കുന്നതിന് ലൈഫ് മിഷന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 02-02-2026 12:33:12

സെക്ഷൻ ഓഫീസർ